(സി&ഡി) കയർ ബോർഡിന്റെ പ്രവർത്തന പരിധിക്കകത്തുനിന്ന് ഇതിനായി നിലയം നിർമ്മിക്കാൻ വ്യവസായിയില്ലെന്നും ചകിരിച്ചോർ മാത്രം ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം ലാഭകരമല്ലായെന്നും ഇക്കാരണത്താൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലായെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

പുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രവർത്തനം

13 (*103) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ സമീപത്തെ സർക്കാർ സ്കൂളുകളാണ് അഭയകേന്ദ്രങ്ങളായി മാറുന്നത് എന്ന വസ്തുത കണക്കിലെടുത്ത് അത്തരം സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) രാജ്യത്ത് പുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ ലോക ബാങ്ക് പ്രതിനിധികൾ നിർദ്ദേശിച്ച ഭേദഗതികൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്തിമ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റിയുടെ ആദ്യ യോഗം 19-9-2014-ന് കൂടുകയും പദ്ധതി നിർവ്വഹണ യൂണിറ്റിന്റെ (Project Implementation Unit-PIU) ഘടനയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. PIU-വിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ രണ്ടാംഘടകമായ (Component-B) വിവിധോദ്ദേശ്യ സൈക്ലോൺ

LIBRARY ARCHIVES Kerala Legislative Assembly

ഷെൽറ്ററുകളുടെ നിർമ്മാണത്തിനായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ പാരിസ്ഥിതിക പഠനവും പുനരധിവാസ കേന്ദ്രത്തിന്റെ ആവശ്യകത സംബന്ധിച്ച പഠനവും നടത്തി വരുകയാണ്.

(ബി) സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്. അവ ഏതെല്ലാം പ്രദേശങ്ങളിലാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) അഭയ കേന്ദ്രങ്ങളായി ഉപയോഗിക്കാവുള്ള സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുള്ളത്.

റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി

14 (*104) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഏത് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത് ; ഇത് വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ വകുപ്പുകളിൽ സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ കൃത്യമായി ഇല്ല എന്ന അധികൃതരുടെ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം കയ്യേറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ സർക്കാരിന് വേണ്ട രീതിയിൽ വാദങ്ങളുന്നയിക്കാൻ സാധിക്കുന്നില്ല എന്ന് അറിവുള്ളതാണോ ; വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സംസ്ഥാനത്ത് റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ലാറിസ്) എന്ന

LIBRARY ARCHIVES Kerala Legislative Assembly